## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 550** | **12.06.2012-ൽ മറുപടിയ്ക്ക്**

### ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും, സിനിമയും വകുപ്പു മന്ത്രി) |
| (എ) അടുത്ത ദേശീയ ഗെയിംസ് എന്നു മുതൽ നടത്തുവാനാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിരിക്കുന്നത്; | (എ) ഇത് സംബന്ധിച്ച് ഇന്ത്യൻ ഒളിംപിക് അസോസിയേഷനിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടില്ല. |
| (ബി) ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (ബി) സംസ്ഥാനത്തെ 7 ജില്ലകളിലായി നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണവും, പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും പുരോഗമിച്ചു വരുന്നു. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ഗെയിംസിന്റെ നടത്തിപ്പിനായി കേന്ദ്രസർക്കാർ എന്തെല്ലാം സഹായങ്ങളാണ് വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) ഇതിനായി കേന്ദ്ര സർക്കാർ 220 കോടി രൂപയുടെ പ്രാഥമിക റിപ്പോർട്ട് അംഗീകരിക്കുകയും വിഹിതമായി അനുവദിയ്ക്കപ്പെട്ട 110 കോടി രൂപയിൽ ആദ്യ ഗഡുവായി 55 കോടി രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് നൽകിയിട്ടുണ്ട്. 612 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം വീണ്ടും പരിശോധന നടത്തുകയും അവരുടെ ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 306 കോടി രൂപ കേന്ദ്ര വിഹിതമായി അനുവദിക്കുന്നതിനാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്. |
| (ഡി) അടുത്ത ദേശീയ ഗെയിംസിൽ മെച്ചപ്പെട്ട പ്രകടനത്തിനായി കേരളത്തിലെ സ്പോർട്സ് താരങ്ങൾക്ക് എന്തെല്ലാം പരിശീലന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) ഇതിനായി നൂതനരീതിയിലുള്ള പരിശീലനങ്ങളും ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും ആവശ്യമെന്നു കണ്ടാൽ വിദേശപരിശീലകരുടെ സേവനം ഉപയോഗപ്പെടുത്താനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ